ഭൂസംരക്ഷണ നിയമത്തിൽ ഭേദഗതി

178 (1211) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വ്യാവസായികാവശ്യത്തിന് ഭൂമി കണ്ടെത്തുന്നതിനായി ഭൂസംരക്ഷണ നിയമത്തിൽ ഭേദഗതി പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

വ്യാവസായിക ആവശ്യത്തിന് ഭൂമി കണ്ടെത്തുന്നതിനായി ഭൂസംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല

ഡാറ്റാ ബാങ്കിലെ വിശദാംശങ്ങൾ തിരുത്തുന്നതിനുള്ള സംവിധാനം

179 (1212) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമിയുടെ തരം തിരിവ് സംബന്ധിച്ച് ഡാറ്റാ ബാങ്കിലെ വിശദാംശങ്ങൾ തിരുത്തുന്നതിന് എത്ര പരാതികൾ ലഭ്യമായി എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പരാതികളിൽ എത്ര എണ്ണത്തിന് പരിഹാരം കണ്ടു ; ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമായി ജില്ലാ തലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഡാറ്റാ ബാങ്കിലെ വിശദാംശങ്ങൾ തിരുത്തുന്നതിന് 5676 പരാതികൾ ലഭ്യമായിട്ടുണ്ട്.

(ബി) ഡാറ്റാ ബാങ്ക് സംബന്ധിച്ച പരാതികൾക്ക് പരിഹാരം കണ്ടത് സംബന്ധിച്ച ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം	31
കൊല്ലം	172
പത്തനംതിട്ട	98
ആലപ്പുഴ	801
കോട്ടയം	-
ഇടുക്കി	-
എറണാകുളം	2441
തൃശ്ശൂർ	-
പാലക്കാട്	-
മലപ്പുറം	-
കോഴിക്കോട്	-
വയനാട്	128
കണ്ണൂർ	-
കാസർഗോഡ്	-
ആകെ	3671

(സി) കരട് ഡാറ്റാ ബാങ്കിലെ പരാതികൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ നിയമപ്രകാരം സ്വീകരിക്കേണ്ടത് പ്രാദേശികതല നിരീക്ഷണ സമിതിയാണ്. ഇതിനായി ജില്ലാതലത്തിൽ നിലവിൽ പ്രത്യേക സംവിധാനങ്ങളില്ല.

ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നത് സംബന്ധിച്ച ശ്രീ. മുഹമ്മദ് അഷറഫിന്റെ പരാതി

180 (1213) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നത് സംബന്ധിച്ച് ശ്രീ. മുഹമ്മദ് അഷറഫ്, തിരുവനന്തപുരം താലൂക്ക് ഓഫീസിൽ നൽകിയ പരാതി (H13/66467/2014 dated 27-11-2014) പ്രകാരം താലൂക്ക് സർവ്വേയർ ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; ഇതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly